# സ്കൂളുകൾ 200 പ്രവർത്തിദിവസം പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കാനുള്ള നിർദേശങ്ങൾ

ഇൻഡ്യൻ ഭരണഘടന ഉറപ്പു നൽകുന്ന കുട്ടികളുടെ മൗലികാവകാശങ്ങളിൽ, അവർക്ക് ലോവർ പ്രൈമറി ക്ളാസ്സുകളിൽ 200 ദിവസവും 800 വൈജ്ഞാനിക അനുഭവ വിനിമയ മണിക്കൂറുകളും അപ്പർ പ്രൈമറിയിൽ അത് 220 ദിവസവും 1000 മണിക്കൂറുകളുമാണ്. നമ്മുടെ കുട്ടികൾക്ക് ഇത് ലഭിക്കുന്നുണ്ടോ എന്ന് വിലയിരുത്തുമ്പോൾ, അതിദയനീയവും ഭീകരവുമാണ് ഈ മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് കാണാൻ കഴിയും. 2013 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ നമ്മുടെ കുട്ടികൾക്ക് കിട്ടിയിട്ടുള്ളത് കേവലം 120 ദിവസം മാത്രമാണ്. ഇതിൽത്തന്നെ എത്ര വൈജ്ഞാനിക അനുഭവ വിനിയോഗ മണിക്കൂറുകൾ കിട്ടി എന്നു പരിശോധിച്ചാൽ അതിദയനീയമായ നഷ്ടപ്പെടലുകളുടെ ഒരു ഹിമപാതമാണ് ദൃശ്യമാകുന്നത്. ഇനിയുള്ള ദിവസങ്ങൾകൂടി എടുത്താൽ നമുക്ക് 2013–14 ൽ ആകെ കിട്ടാവുന്ന പ്രവൃത്തി ദിവസങ്ങൾ 194 മാത്രമാണ്. അതിൽ

ദേശീയ ഒഴിവുകൾ – 8

പ്രാദേശികം – 3

ഹർത്താലുകൾ – 8

സർക്കാർ പ്രഖ്യാപിതം – 7

എന്നിങ്ങനെ 26 ദിവസങ്ങൾ ഇതുവരെ നഷ്ടപ്പെട്ടുകഴിഞ്ഞു. ജൂൺ മുതൽ ഡിസംബർ വരെ കിട്ടിയിട്ടുള്ളത് 120 പ്രവൃത്തിദിനങ്ങൾ മാത്രമാണ്. സ്കൂൾതല മേളകൾ മുതൽ സംസ്ഥാനതലം വരെ മേളകൾ തീരുമ്പോൾ നഷ്ടപ്പെടുന്ന ദിനങ്ങൾ 6 മുതൽ 25 ദിവസം വരെയാണ്. പരീക്ഷകൾക്കു വേണ്ടി മാത്രം 23 ദിവസം മാറ്റിവെക്കേണ്ടി വരുന്നു. ഇതു കൂടാതെ അധ്യാപകർ മേളകൾ നടത്തിപ്പ്, കുട്ടികളെ എസ്കോർട്ട് ചെയ്യൽ എന്നിവയിലൂടെ അനേകം മണിക്കൂറുകൾ നഷ്ടമാക്കുന്നുണ്ട്. ഇതു കൂടാതെ ജില്ലാതല–സംസ്ഥാനതല അധ്യാപക സംഘടന സമ്മേളനങ്ങളിലൂടെയും സംഭവിക്കുന്നത് വലിയ നഷ്ടം തന്നെയാണ്.

കുട്ടികൾക്ക് വിനിമയ നഷ്ടം വരുത്തുന്ന മറ്റു മേഖലകൾ അധ്യാപകരുടെ തന്നെ ലീവുകൾ, ഇതരജോലികൾ, പരിശീലനങ്ങൾ, പഠനയാത്രകൾ, സ്റ്റാഫ് മീറ്റിംഗുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൗട്ട് & ഗൈഡ്, എൻ.സി.സി., ജെ.ആർ.സി., ക്ലബ് പ്രവർത്തനങ്ങൾ ഇങ്ങനെ ഇവയുടെ ലിസ്റ്റ് നീണ്ടുപോകുകയാണ്. ചുരുക്കത്തിൽ കുട്ടികൾക്ക് കിട്ടേണ്ടുന്ന വൈജ്ഞാനികാനുഭവ വിനിമയ മണിക്കൂറുകൾ കേവലം 500–600–നും ഇടയിൽ മാത്രമേ കിട്ടുന്നുള്ളൂ. മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾ ഒരു ന്യൂനപക്ഷമാണ്. അതിനായി മറ്റു കുട്ടികളുടെ ക്ലാസുകൾ നഷ്ടപ്പെടുത്തേണ്ട ആവശ്യം ഉണ്ടോ?

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ നിയമത്തിൽ പറയുന്നതുപോലെ ഏറ്റവും കുറഞ്ഞത് 200 പ്രവൃത്തി ദിവസങ്ങളെങ്കിലും ഒരു അധ്യയനവർഷം ഉണ്ടായി എന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. വിദ്യാഭ്യാസ സംഘടനാ ഭാരവാഹികളുടെ അഭിപ്രായം അറിയുന്നതിനായി താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

1) പ്രവർത്തി പരിചയ മേള ഓണം അവധിക്ക് സംഘടിപ്പിക്കുക.

2) ജില്ലാ തലങ്ങളിലുള്ള കായിക മേളകൾ, യുവജനോത്സവം എന്നിവ ക്രിസ്തുമസ്സ് അവധിക്ക് നടത്തുക.

3) സംസ്ഥാന യുവജനോത്സവം, സ്പോർട്സ് എന്നിവ ഏപ്രിൽ 10–നകം സംഘടിപ്പിക്കുക

*വിശദീകരണം :*

*സ്പോർട്സിലും, ഗെയിംസിലും മികച്ച സമ്മാനം ലഭിക്കുന്നവർക്ക് ഒരു മാസം നീണ്ടു നിൽക്കുന്ന കോച്ചിംഗ് ക്യാമ്പ് ജി.വി.രാജ തുടങ്ങിയ സ്പോർട്സ് സ്കൂളുകളിൽ സംഘടിപ്പിക്കുകയും ആഗസ്റ്റ് മാസം സെലക്ഷൻ ക്യാമ്പ് നടത്തുകയും അങ്ങനെ രൂപീകരിക്കുന്ന സംസ്ഥാന ടീമിനെ വീണ്ടും പരിശീലനം നൽകി ദേശീയ ചാമ്പ്യൻഷിപ്പിന് അയക്കുന്ന ഒരു സംവിധാനവുമാണ് ഉദ്ദേശിക്കുന്നത്.*

4) എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 20 മുതൽ 31 വരെ നടത്തുക.

5) മറ്റ് ക്ലാസ്സുകളിൽ വാർഷിക പരീക്ഷ മാർച്ച് 10 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ നടത്തുക.

മേൽപ്പറഞ്ഞ നിർദേശങ്ങളിൽ സംഘടനകളുടെ അഭിപ്രായം ജനുവരി 31 നുമുമ്പ് അറിയിക്കാൻ അപേക്ഷ. ഇതനുസരിച്ചുള്ള 2014–15 ന്റെ വിദ്യാഭ്യാസ കലണ്ടർ തയാറാക്കി സംഘടനാ പ്രതിനിധികളുടെ അഭിപ്രായത്തിനായി അതിനുശേഷം നൽകുന്നതാണ്.

ഒപ്പ്/–

08.01.2014

**ബിജുപ്രഭാകർ ഐ.എ.എസ്.**
പൊതുവിദ്യാഭ്യാസ ഡയറക്ടർ